# അറിവില്ലായ്മ കാരണം നോമ്പ് നഷ്ടപ്പെട്ടാല്‍?

[ Malayalam - മലയാളം - مليالم ]

﴾ قضاء الفائت من رمضان ﴿


ശൈഖ് മുഹമ്മദ് സ്വാലിഹ് അല്‍ മുനജ്ജിദ്

الشيخ محمد صالح المنجد

http:// www.islam-qa.com

വിവര്‍ത്തനം: ശാക്കിര്‍ ഹുസൈന്‍ സ്വലാഹി

ترجمة : شاكر حسين صلاحي



കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1431 — 2010

بسم الله الرحمن الرحيم

**ചോ. 01:** എന്റെ മാതാവിന് ഇപ്പോൾ 55 വയസ്സായി പ്രായപൂർത്തിയായതിന് ശേഷവും ചിലപ്പോഴൊക്കെ കാര്യബോധമില്ലാതെ അകാരണമായി നോമ്പ് ഒഴിവാക്കിയിരുന്നു, ഇപ്പോഴാകട്ടെ അവർ എല്ലാ തിങ്കളും വ്യാഴവും നോമ്പെടുക്കുന്നു. ഈ നോമ്പിന്ന് സുന്നത്ത് നോമ്പിന്റെ നിയ്യത്താണോ ഉദ്ദേശിക്കേണ്ടത്? അതല്ല നഷ്ടപ്പെട്ട നോമ്പ് ഖളാഅ് വീട്ടലാണോ ഉദ്ധേശിക്കേണ്ടത്?

الحمد لله وحده والصلاة والسلام على رسوله وآله وصحبه .. وبعد :

**ഉ:** നിന്റെ മാതാവ് നഷ്ടപ്പെട്ട നോമ്പ് സാധ്യമായ രീതിയിൽ തിട്ടപ്പെടുത്തുക. ആ നോമ്പ് പൂർത്തിയാക്കുന്നത് വരെ അവൾ ഖളാഅ്ന്റെ നിയ്യത്തിലാണ് നോമ്പെടുക്കേണ്ടത്, സാധ്യമെങ്കിൽ സൂക്ഷ്മതക്കും ഭിന്നതയിൽ നിന്നൊഴിവാകാനും ഓരോ നോമ്പിന്നും പകരമായി ഒരു സാധുവിന് ഭക്ഷണം നൽകുകയും ചെയ്യുന്നത് നല്ലതാണ്. ഇവ്വിഷയകമായി കൂടുതൽ മനസ്സിലാക്കാൻ (جواب السؤال رقم :) (26865) നോക്കുക.

**ചോ. 02:** റമദാൻ ആഗതമാകുന്നതിന് മുമ്പ് ഒരു പെൺകുട്ടിക്ക് പ്രായപൂർത്തിയായി എന്നാൽ നോമ്പിന്റെ നിർബന്ധത്തെക്കുറിച്ചുള്ള അവളുടെ വസ്തുനിഷ്ഠമായ അറിവില്ലായ്മ കാരണം ആ വർഷത്തിൽ നോമ്പെടുത്തില്ല ഇനി അവൾ എന്ത് ചെയ്യണം? അകാരണമായി മനപ്പൂർവം നോമ്പ് മുറിച്ചവന്റെ വിധിയാണോ അവൾക്കുള്ളത്?

ശൈഖ് സ്വാലിഹ് അൽഫൗസാനോ(ﷺ)ടുള്ള ഈ ചോദ്യത്തിന് അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു:

**ഉ:** അവൾ അല്ലാഹുവിനോട് പശ്ചാതപിക്കുകയും നഷ്ടപ്പെട്ട നോമ്പ് മുഴുവനും നോറ്റു വീട്ടുകയും ചെയ്യുകയും, ഓരോ നോമ്പിന്നും പകരമായി ഒരു സാധുവിന് ഭക്ഷണം നൽകുകയും ചെയ്യുക, വീണ്ടും ഒരു റമദാൻ അവൾക്കെത്തുകയും നോമ്പനുഷ്ഠിക്കാതിരിക്കുകയും ചെയ്താൽ ഇത് തന്നെയാകുന്നു അതിന്റെയും വിധി. (المنتقى من فتاوى الفوزان) (നോമ്പനുഷ്ഠിക്കാൻ താമസം നേരിടുന്നത് കൊണ്ടാണ് പ്രായശ്ചിത്തവും കൂടി വേണമെന്ന് പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നത്.വിവ:)

وصلى الله على نبينا محمد وآله وصحبه وسلم